LIBRARY ARCHIVES Kerala Legislative Assembly

ആയുർവ്വേദ, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ

123 (2403) ശ്രീ. പി: കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര ഹോമിയോ, ആയുർവേദ ഡിസ്പെൻസറികളും യുനാനി, സിദ്ധ അശ്രുപത്രികളും ആരംഭിച്ചിട്ട് ണ്ടെന്നറിയിക്കുമോ ;

(ബി) ആയുർവേദ, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം 110 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും 77 സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്. സിദ്ധ, യുനാനി ഡിസ്പെൻസറികൾ ആരംഭിച്ചിട്ടില്ല. കൂടാതെ, നാഷണൽ ഹെൽത്ത് മിഷനുകീഴിൽ 60 ഹോമിയോ ഡിസ്പെൻസറികളും 15 ആയുർവ്വേദ ഡിസ്പെൻസറികളും 28 സിദ്ധ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ആയുർവ്വേദ ചികിത്സാ സൗകര്യം എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 54 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതിയ ഡിസ്പെൻസറികൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ഹോമിയോപ്പതി വകുപ്പിനുകീഴിൽ നിലവിൽ 659 സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സംസ്ഥാന വാർഷിക പദ്ധതി പ്രകാരം ഘട്ടം ഘട്ടമായി പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

കൊട്ടാരക്കര ഗ്രൂപ്പിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ

124 (2404) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കൊട്ടാരക്കര ഗ്രൂപ്പിന്റെ അധീനതയിൽ ഉള്ളതും ചെലവിനേക്കാൾ കൂടുതൽ വരുമാനം ഉള്ളതുമായ ക്ഷേത്രങ്ങൾ ഏതെല്ലാമാണ് എന്നറിയിക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളുടെ പ്രതിമാസ വരവും ചെലവും എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കൊട്ടാരക്കര ഗ്രൂപ്പിന്റെ അധീനതയിലുള്ളതും ചെലവിനേക്കാൾ കൂടുതൽ വരുമാനമുള്ളതുമായ ക്ഷേത്രങ്ങളും അവയുടെ ശരാശരി പ്രതിമാസ വരവും ചെലവും പട്ടികയാക്കി ചുവടെ ചേർക്കുന്നു:

ക്രമ നം.	ക്ഷേത്രങ്ങളുടെ പേര്	പ്രതിമാസ വരവ് (രൂപ)	പ്രതിമാസ ചെലവ് (രൂപ)
1	വെട്ടിക്കവല	3,45,348	3,14,430
2	പുല്ലാമല	2,22,328	48,463
3	അട്ടൂർ	3,05,579	2,27,776
4	പട്ടാഴി	6,57,287	3,00,152
5	പൊലിക്കോട്	2,22,488	2,08,738
6	പി.ഡി. മണികണ്ഠേശ്വരം	44,24,201	7,31,738

ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം

125 (2405) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ അധികാര പരിധിയിൽപ്പെടുന്ന ക്ഷേത്രങ്ങളോട് ചേർന്ന് കിടക്കുന്ന കുളം, കാവ്, ആൽത്തറ, ചിറ എന്നിവയുടെ പുനഃരുദ്ധാരണത്തിന് വേണ്ടി റവന്യൂ (ദേവസ്വം) വകുപ്പ് സ.ഉ. (സാധാ) നമ്പർ 6435/14/ആർ.ഡി. നമ്പറായി 23-12-2014-ന് ഉത്തരവിറക്കിയിരുന്നുവോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതല പ്പെടുത്തിയിരുന്നത്;

(സി) പ്രസ്തുത ഉത്തരവിൽ പറയുന്ന ക്ഷേത്രങ്ങൾക്ക് പരാമർശിക്കപ്പെട്ട തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ക്ഷേത്രങ്ങൾക്ക് ലഭിച്ചുവെന്നും ബാക്കിയുള്ളവർക്ക് ലഭിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്നും വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും, ലഭിക്കാത്ത ക്ഷേത്രങ്ങൾക്ക് അത് ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly